(ഡി) ദിവസേന പൊതുവിപണിയിലെ വിലയുമായി താരതമ്യം ചെയ്തശേഷം കമ്പോള വിലയെക്കാൾ വിലകുറച്ചാണ് പഴം പച്ചക്കറികൾ ഹോർട്ടികോർപ്പ് വിൽപ്പന നടത്തിവരുന്നത്. പൊതു വിപണിയിലെ വിലയെക്കാൾ വില കൂടുതലാണ് എന്ന് ഹോർട്ടികോർപ്പിന്റെ ശ്രദ്ധയിൽപ്പെട്ടാൽ വിലകുറയ്ക്കുന്നതിന് നടപടി സ്വീകരിക്കാറുണ്ട്.

കട്ടനാട് പാക്കേജ്

8 (*278) ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. സി. ദിവാകരൻ :
ശ്രീ. പി. തിലോത്തമൻ :
ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടനാട് പാക്കേജിന്റെ കാലാവധി അവസാനിച്ചത് എന്നാണ് ; കാലാവധി നീട്ടണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ ;

(ബി) പാക്കേജിന്റെ മൊത്തം അടങ്കൽ എത്രയായിരുന്നു ; ഇതിൽ കേന്ദ്ര സംസ്ഥാന അനുപാതം എത്രയാണെന്ന് വ്യക്തമാക്കുമോ ;

(സി) പാക്കേജിനായി മൊത്തം ചെലവഴിച്ച തുക എത്ര ; യഥാസമയം ചെലവഴിക്കാത്തതുമൂലം കേന്ദ്ര വിഹിതം നഷ്ടപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എത്ര ;

(ഡി) വിവിധ ഏജൻസികൾ നടപ്പാക്കിയ പദ്ധതികളിൽ ക്രമക്കേടുകൾ നടന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എന്തു നടപടിയെടുത്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ):

(എ) കട്ടനാട് പാക്കേജിന്റെ കാലാവധി 2012 ജൂലൈയിൽ അവസാനിച്ചു. പാക്കേജിന്റെ കാലാവധി 2 വർഷംകൂടി നീട്ടിക്കിട്ടണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് കേന്ദ്ര സർക്കാരിന് ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയും കത്ത് നൽകിയിട്ടുണ്ട്.

(ബി) കുട്ടനാട് പാക്കേജിന്റെ മൊത്തം അടങ്കൽ തുക 1840.4 കോടി രൂപയാണ്. 50 ലക്ഷത്തിന് താഴെ ചെലവുള്ള പദ്ധതികൾ സംസ്ഥാന സർക്കാരിന്റെ

LIBRARY ARCHIVES Kerala Legislative Assembly

ഫണ്ടിലും അതിന്മേൽ ഉകയ്ക്കുള്ള പദ്ധതികൾ കേന്ദ്ര സർക്കാരിന്റെ ഉടർ സ്കീമുകളിൽ ഡി.പി.ആർ. തയ്യാറാക്കി സമർപ്പിക്കുന്നതിന്റെ ഭാഗമായാണ് പദ്ധതികൾ അംഗീകാരം ലഭിച്ച നടപ്പിലാക്കുന്നത്. പദ്ധതികൾ വിവിധ കേന്ദ്ര സ്കീമുകളിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനാൽ ഓരോ സ്കീമുകളുടെയും മാനദണ്ഡങ്ങൾക്കനുസൃതമായി കേന്ദ്ര സംസ്ഥാന വിഹിതത്തിൽ വ്യത്യാസമുണ്ട്.

(സി) കുട്ടനാട് പാക്കേജിൻകീഴിൽ അംഗീകാരം ലഭിച്ച 1268.563 കോടി രൂപയിൽ 575.48 കോടി രൂപ റിലീസ് ചെയ്യുകയും ആയതിൽ നാളിതുവരെ മൊത്തം ചെലവഴിച്ചത് 507.801 കോടി രൂപയുമാണ്.

(ഡി) പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ടുള്ള അപാകതകൾ സംബന്ധിച്ച പരാതികൾ ലഭിക്കുന്നത് പരിഹരിക്കാനായി ബന്ധപ്പെട്ട വകുപ്പ് മേധാവികൾക്ക് നിർദ്ദേശം നൽകാറുണ്ട്.

സ്കൂളുകളിൽ ബയോഗ്യാസ് പ്ലാന്റുകൾ

9 (*279) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂളുകളിൽ കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിക്കായി സ്കൂളുകളെ തെരഞ്ഞെടുക്കുന്നത് എപ്രകാരമാണെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതിക്കുള്ള ധനസമാഹരണം എപ്രകാരമാണ് നടത്തുന്നതെന്ന് വിശദമാക്കുമോ ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ):

LIBRARY ARCHIVES Kerala Legislative Assembly